**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2279** — **03-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കായി നിശ്ചയിച്ച ജോലികളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താത്തതുമൂലം പ്രസ്തുത തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ 266 തരം പ്രവൃത്തികൾ ആണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇതുകാരണം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും പ്രാദേശിക ഘടകങ്ങൾ പരിമിതമായ രീതിയിൽ മാത്രമേ കണക്കിലെടുക്കാൻ കഴിയാറുള്ളു. |
| (ബി) | രാവിലെയും വൈകന്നേരവും മസ്റ്ററിങ് നടത്തുന്നതിന് ജോലി ആരംഭിച്ച സ്ഥലത്തുതന്നെ ഫോട്ടോ എടുക്കാൻ തൊഴിലാളികൾ വീണ്ടും വരേണ്ടി വരുന്നതുമൂലം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | പുതുതായി ഏർപ്പെടുത്തിയ ഹാജർ സംവിധാനം തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് ശ്രദ്ധയിൽ വന്ന സാഹചര്യത്തിൽ ആയത് കേന്ദ്രസർക്കാർ ശ്രദ്ധയിൽപ്പെടുത്തുകയും 39 തരം പ്രവൃത്തികളുടെ നിർവഹണത്തിൽ ഇളവ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | തൊഴിലുറപ്പ് പദ്ധതിയിലേക്ക് പുതിയ തൊഴിലാളികൾ കടന്നുവരുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 39.71 ലക്ഷം കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തെ വിവരം പരിശോധിക്കുമ്പോൾ പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് പുതിയതായി നൽകിയ ജോബ് കാർഡിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് പുതിയതായി നൽകിയ ജോബ് കാർഡിന്റെ എണ്ണം | |
|---|---|---|
| | Household | Persons |
| 2022-2023 | 110922 | 180685 |
| 2023-2024 | 84665 | 149605 |
| 2024-2025 | 84372 | 140602 |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്ന തരത്തിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), MGNREG Act 2005, കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് നടപ്പാക്കി വരുന്നത്. ആയതിനാൽ തന്നെ പദ്ധതിയിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ തലത്തിൽ തീരുമാനം ആവശ്യമാണ്. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, ഭൂമിശാസ്ത്ര, ജനസംഖ്യാ സവിശേഷതകൾ പരിഗണിച്ച്, സംസ്ഥാനത്തിന്റെ ആവശ്യകത അനുസരിച്ച്, പദ്ധതി നടത്തിപ്പിലെ ആകെ തുകയുടെ കുറഞ്ഞത് 10% സംസ്ഥാന താല്പര്യങ്ങൾക്ക് അനുയോജ്യമായ പ്രവർത്തികൾ ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ